# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 12.08.2025** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1) കണക്കിൽപ്പെടാത്ത പണം വസതിയിൽ നിന്നും കണ്ടെത്തിയ സംഭവത്തിൽ, ജസ്റ്റിസ് യശ്വന്ത് വർമ്മയെ ഇംപീച്ച് ചെയ്യാനുള്ള നടപടികൾക്ക് തുടക്കം കുറിച്ച് ലോക്സഭ.

   **The Lok Sabha Speaker Om Birla has constituted a three member Committee to probe the allegations levelled against High Court Judge Justice Yashwant Varma, after a sum of burned cash was found at his residence in New Delhi in March this year.**

2) പാർലമെൻറിൽ ഇന്നും പ്രതിഷേധം തുടർന്ന് പ്രതിപക്ഷ പാർട്ടികളും. ഇരുസഭകളിലും നടപടികൾ തടസ്സപ്പെട്ടു.

   **The Lok Sabha has been adjourned till 3:00 PM, while the Rajya Sabha till 2:00 PM following opposition parties' uproar over various issues.**

3) ഹർഘർ തിരംഗ പരിപാടിക്ക് രാജ്യത്ത് മികച്ച പ്രതികരണം. ന്യൂഡൽഹിയിൽ ഇന്ന് തിരംഗ ബൈക്ക് റാലി സംഘടിപ്പിച്ചു.

   **Har Ghar Tiranga campaign gains nationwide momentum. Tiranga bike rally held in New Delhi today.**

4) കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിലെ കരട് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

   **Deadline for updating draft voters list for Kerala local body polls ends today.**

5) ആണവായുധം പ്രയോഗിക്കുന്നത് സംബന്ധിച്ച് പാകിസ്ഥാൻ കരസേനാ മേധാവി അസിം മുനീർ നടത്തിയ പരാമർശത്തെ ശക്തമായി അപലപിച്ച് ഇന്ത്യ.

**India strongly condemns remarks of Pakistani Army Chief on potential Nuclear threat; Calls Pakistan an irresponsible nuclear state.**

6) ലോക ഗെയിംസ് വുഷു ഫൈനലിൽ ഇന്ത്യയുടെ നമ്രത ബത്ര ഇന്ന് മത്സരത്തിനിറങ്ങും.

**India's Namrata Batra will compete in Wushu finals today in World Games, 2025.**

&&&&&&&&&&&&&&&&&&&&&&&&&&

## PARLIAMENT - ADJOURN - INTRO

കണക്കിൽപ്പെടാത്ത പണം വസതിയിൽ നിന്നും കണ്ടെത്തിയ സംഭവത്തിൽ, ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് യശ്വന്ത് വർമ്മയെ ഇംപീച്ച് ചെയ്യാനുള്ള നടപടികൾക്ക് തുടക്കം കുറിച്ച് ലോക്സഭ. ഇതിനായി മൂന്നംഗ സമിതി രൂപീകരിച്ചതായി സ്പീക്കർ ഓം ബിർള സഭയെ അറിയിച്ചു.

(VOICE)

വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. രാജ്യസഭ 2 മണി വരെയും ലോക്സഭാ നടപടികൾ മൂന്ന് മണിവരെയുമാണ് നിർത്തിവെച്ചിരിക്കുന്നത്. ബിഹാറിലെ സമഗ്ര വോട്ടർപട്ടിക പരിഷ്കരണ വിഷയം സഭയിൽ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടാണ് പ്രതിപക്ഷ പ്രതിഷേധം.

&&&&&&&&&&&&&&&&&&&

## LS - HOUSES

പ്രധാനമന്ത്രി ആവാസ് യോജന - ഗ്രാമീൺ പദ്ധതി പ്രകാരം സംസ്ഥാനങ്ങൾക്ക് കേന്ദ്രം ഇതുവരെ 4.12 കോടി വീടുകൾ അനുവദിച്ചതായി കേന്ദ്ര ഗ്രാമവികസന സഹമന്ത്രി ചന്ദ്രശേഖർ പെമ്മസാനി . രണ്ട് കോടി 90 ലക്ഷം വീടുകൾ ഇതിനകം നിർമ്മിച്ചതായും അദ്ദേഹം ലോകസഭയിൽ ചോദ്യോത്തര

വേളയിൽ മറുപടി നൽകി. കഴിഞ്ഞ പത്ത് വർഷത്തിനിടെ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കേന്ദ്ര വിഹിതമായി 2.17 ലക്ഷം കോടി രൂപ കൈമാറിയതായും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&

## PM -ZELENSKY

പ്രധാനമന്ത്രി നരേന്ദ്രമോദി, യുക്രൈൻ പ്രസിഡന്റ് വോളോഡിമർ സെലൻസ്കിയുമായി ടെലിഫോൺ സംഭാഷണം നടത്തി. റഷ്യയുമായുള്ള സംഘർഷത്തിന് ഉചിതമായ പരിഹാരം കാണേണ്ടത് സംബന്ധിച്ച ഇന്ത്യയുടെ നിലപാട് സെലൻസ്കിയെ അറിയിച്ചതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. സാധ്യമായ എല്ലാ പിന്തുണയും നൽകി യുക്രൈനുമായുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തമാക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&

## MEA-PAK

ആണവായുധം പ്രയോഗിക്കുന്നത് സംബന്ധിച്ച് പാകിസ്ഥാൻ കരസേനാ മേധാവി അസിം മുനീർ നടത്തിയ പരാമർശത്തെ ശക്തമായി അപലപിച്ച് ഇന്ത്യ. ഒരു തരത്തിലുള്ള ആണവ ഭീഷണിക്കും വഴങ്ങില്ലെന്ന് ഇന്ത്യ ഇതിനകം വ്യക്തമാക്കിയിട്ടുണ്ടെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പ്രസ്താവനയിൽ പറഞ്ഞു. ദേശീയ സുരക്ഷ സംരക്ഷിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും തുടർന്നും സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## DELHI TIRANGA RALLY (INTRO)

ഹർ ഘർ തിരംഗ പരിപാടിയുടെ ഭാഗമായി കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ തിരംഗ ബൈക്ക് റാലി സംഘടിപ്പിച്ചു. കേന്ദ്ര മന്ത്രിമാരായ ഗജേന്ദ്ര സിങ്ങ് ഷെഖാവത്ത്, കിരൺ റിജിജു, സഞ്ജയ് സേത്ത്, മുഖ്യമന്ത്രി രേഖാ ഗുപ്ത തുടങ്ങിയ പ്രമുഖർ റാലിക്ക് നേതൃത്വം നൽകി. 79-മത് സ്വാതന്ത്ര്യ ദിന ആഘോഷങ്ങളോട് അനുബന്ധിച്ചാണ്

പരിപാടി സംഘടിപ്പിച്ചത്. വികസിത ഭാരതത്തിലേക്ക് നയിക്കുന്ന ഐക്യത്തിന്റെ പ്രതീകമാണ് ത്രിവർണ പതാകയെന്ന് കേന്ദ്ര മന്ത്രി ഗജേന്ദ്ര സിങ്ങ് ഷെഖാവത്ത് പറഞ്ഞു.
(വോയ്സ്)

&&&&&&&&&&&&&&&&&&&

## Tiranga Rally Doda

1508- മീറ്റർ ദൈർഘ്യമുള്ള ദേശീയ പതാകയേന്തി തരംഗം സൃഷ്ടിച്ച് ജമ്മു കശ്മീരിലെ ഡോഡയിൽ ഇന്ന് മെഗാ തിരംഗാ റാലി നടന്നു. . ഹർഘർ തിരംഗ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച റാലിയിൽ സ്കൂൾ വിദ്യാർത്ഥികൾ ത്രിവർണ പതാകയുമായി അണിനിരന്നു.

&&&&&&&&&&&&&&&&&&&

## Lakshadweep tiranga

ഹർ ഘർ തിരംഗ" ക്യാമ്പയിനിൻറെ ഭാഗമായി ലക്ഷദ്വീപിലെ കവരത്തിയിൽ നിറപകിട്ടാർന്ന തിരംഗാ ഉത്സവ് സംഘടിപ്പിച്ചു. ലക്ഷദ്വീപിൻറെ തനത് പാരമ്പര്യ ഭക്ഷണങ്ങളും കരകൗശലവസ്തുക്കളും ഉൾപ്പെടുത്തിയ പ്രദർശനം അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് എസ്.ബി ദീപക് കുമാർ ഉദ്ഘാടനം ചെയ്തു. ഓരോ പൗരനിലും ദേശഭക്തി വളർത്തുക, ഓരോ വീട്ടിലും ദേശീയപതാക ഉയർത്തുക എന്നീ സന്ദേശങ്ങൾ ഉയർത്തുന്ന തിരംഗാ മഹോത്സവത്തിൽ സമ്പൂർണ്ണ പങ്കാളിത്തമാണ് ദ്വീപുകളിൽ പ്രകടമാവുന്നത്.

&&&&&&&&&&&&&&&&&&&

## SC – PRISONERS

ശിക്ഷാ കാലാവധി പൂർത്തിയായ തടവുകാർ ജയിലുകളിൽ കഴിയുന്നില്ലെന്ന് ഉറപ്പാക്കാൻ നിർദേശം നൽകി സുപ്രീംകോടതി. സംസ്ഥാനങ്ങളിലേയും കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും ആഭ്യന്തര സെക്രട്ടറിമാർക്കാണ് കോടതി ഇത് സംബന്ധിച്ച നിർദേശം നൽകിയത്. ശിക്ഷാ കാലാവധി പൂർത്തിയായവരെ, മറ്റ് കേസുകളിൽ പ്രതിയല്ലെങ്കിൽ ഉടൻ മോചിപ്പിക്കണമെന്ന് കോടതി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## VOTERS LIST

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിലെ കരട് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിക്കും. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&&

## EC – SIR EXERCISE

ബിഹാർ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണം സംബന്ധിച്ച പരാതികൾ സമർപ്പിക്കാനുള്ള കാലാവധി 12 ദിവസം പിന്നിട്ടിട്ടും ഒരു രാഷ്ട്രീയ പാർട്ടിയും പരാതിയുമായി മുന്നോട്ട് വന്നിട്ടില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. എന്നാൽ കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട് വോട്ടർമാരിൽ നിന്നും 14,000-ത്തോളം പരാതികൾ ഇതിനകം ലഭിച്ചതായും കമ്മീഷൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## STRAY DOG

തെരുവ് നായ വിഷയത്തിൽ സുപ്രീംകോടതി വിധി സ്വാഗതം ചെയ്ത് ഡൽഹി സർക്കാർ. നായകളെ പിടികൂടി വന്ധ്യംകരിച്ച ശേഷം സ്ഥിരം ഷെൽട്ടറുകളിലേക്ക് മാറ്റാനാണ് കോടതി ഇന്നലെ നിർദ്ദേശം നൽകിയത്. പിടികൂടിയ തെരുവ് നായകളെ പൊതുവിടങ്ങളിൽ തിരികെ വിടരുതെന്നും, സ്വമേധയാ എടുത്ത കേസിൽ സുപ്രീംകോടതി വ്യക്തമാക്കി. ഇതിനുള്ള പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്നും കോടതി മുന്നറിയിപ്പ് നൽകിയിരുന്നു.

&&&&&&&&&&&&&&&&&&&

## INDEPENDENCE DAY- PM

79-ാമത് സ്വാതന്ത്ര്യദിന പ്രസംഗത്തിനായി ആശയങ്ങൾ പങ്കിടാൻ ജനങ്ങളെ ക്ഷണിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ ചുവപ്പ്കോട്ടയിൽ നടക്കുന്ന പ്രസംഗത്തിൽ ഉൾപ്പെടുത്താനായാണ് ചിന്തകളും ആശയങ്ങളും ക്ഷണിച്ചത്.

&&&&&&&&&&&&&&&&&&&

## Aadhaar

200 കോടിയിലധികം ഇടപാടുകളിലൂടെ നാഴികകല്ല് പിന്നിട്ട് മുഖാധിഷ്ഠിത ആധാർ പ്രമാണീകരണ സംവിധാനം. കഴിഞ്ഞ ആറ്

മാസത്തിനിടെയാണ് ഇടപാടുകളുടെ എണ്ണം 100 കോടിയിൽ നിന്ന് 200 കോടിയിലെത്തിയത്. രേഖകൾ കൈവശം ഇല്ലാതെ തന്നെ, വ്യക്തികൾക്ക് സ്വന്തം മുഖം സ്കാൻ ചെയ്ത് തിരിച്ചറിയൽ സ്ഥിരീകരണം നടത്താൻ സാധിക്കും എന്നതാണ് ഈ സംവിധാനത്തിന്റെ പ്രത്യേകത.

&&&&&&&&&&&&&&&&&&&&

## UTTARAKHAND RED ALERT

ഉത്തരാഖണ്ഡിൻറെ വിവിധ ഭാഗങ്ങളിൽ കനത്ത മഴതുടരുന്ന സാഹചര്യത്തിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. പ്രധാന നദികളിലെ ജലനിരപ്പ് ഉയരുന്നതിന് പുറമേ, മണ്ണിടിച്ചിൽ മൂലം റോഡ് ഗതാഗതം തടസ്സപ്പെടുന്നതും ആശങ്ക ഉയർത്തുന്നുണ്ട്.. തീർത്ഥാടകരുടെ സുരക്ഷ പരിഗണിച്ച് കേദാർനാഥ് യാത്ര മറ്റന്നാൾ വരെ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

&&&&&&&&&&&&&&&&&&&&

## HP – WEATHER

ഹിമാചൽ പ്രദേശിൽ കാലവർഷം സജീവമായതിനെ തുടർന്ന് അണക്കെട്ടുകളിലെ ജലനിരപ്പ് അതിവേഗം ഉയരുന്നു. വിവിധ നദികൾ കരകവിഞ്ഞൊഴുകുകയാണ്. മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ നിന്നും വിനോദസഞ്ചാരികൾ ഉൾപ്പെടെ വിട്ടുനിൽക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&

## INDIA–WUSHU

ചൈനയിൽ നടക്കുന്ന ലോക ഗെയിംസിൽ വുഷു, 52 കിലോഗ്രാം വിഭാഗം ഫൈനലിൽ ഇന്ത്യയുടെ നമ്രത ബത്ര ഇന്ന് മത്സരിക്കും. നമ്രതയുടെ ഫൈനൽ പ്രവേശനത്തോടെ വുഷുവിൽ ഇന്ത്യക്ക് മെഡൽ ഉറപ്പായി. പുരുഷ കോമ്പൗണ്ട് ആർച്ചറിയിൽ ഇന്ത്യയുടെ ഋഷഭ് യാദവ് ഇന്നലെ വെങ്കലം നേടിയിരുന്നു.

&&&&&&&&&&&&&&&&&&&&

## UN-JOURNALISTS

ഇസ്രയേൽ ആക്രമണത്തിൽ ഗാസയിൽ ആറ് മാധ്യമ പ്രവർത്തകർ കൊല്ലപ്പെട്ടതിനെ അപലപിച്ച് ഐക്യരാഷ്ട്രസഭ. സംഭവത്തിൽ സ്വതന്ത്രമായ അന്വേഷണം വേണമെന്ന് യുഎൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടറസ് ആവശ്യപ്പെട്ടു. അൽ ജസീറയുടെ അഞ്ച് റിപ്പോർട്ടർമാർ ഉൾപ്പെടെയാണ് ഞായറാഴ്ചയുണ്ടായ ഇസ്രയേൽ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. ഖത്തർ, യുകെ തുടങ്ങിയ രാജ്യങ്ങൾ സംഭവത്തിൽ ആശങ്ക രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&&

## Balochistan

ബലൂചിസ്ഥാൻ ലിബറേഷൻ ആർമിയെയും, അനുബന്ധ വിഭാഗമായ മജീദ് ബ്രിഗേഡിനെയും ഭീകര സംഘടനകളായി പ്രഖ്യാപിച്ച് അമേരിക്ക. ഭീകരവാദത്തിനെതിരായ ട്രംപ് ഭരണകൂടത്തിൻറെ നടപടികളുടെ ഭാഗമാണിതെന്ന് യുഎസ് വിദേശകാര്യ സെക്രട്ടറി മാർകോ റുബിയോ വ്യക്തമാക്കി. പാക് സൈനിക മേധാവി അസിം മുനീറിൻറെ യുഎസ് സന്ദർശനത്തിന് പിന്നാലെയാണ് ഈ പ്രഖ്യാപനം.

&&&&&&&&&&&&&&&&&&&

## ICG-SLCG MEETING

ഇന്ത്യൻ തീര സംരക്ഷണ സേനയും, ശ്രീലങ്കൻ കോസ്റ്റ് ഗാർഡുമായുള്ള എട്ടാമത് ഉന്നതതലയോഗം ന്യൂഡൽഹിയിൽ ചേർന്നു. സമുദ്ര മലിനീകരണം തടയൽ, മാരിടൈം സുരക്ഷ തുടങ്ങിയ വിഷയങ്ങൾ യോഗം ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&&

## MoD- INS UDAYGIRI-HIMGIRI

ഇന്ത്യൻ നാവിക സേനയുടെ INS ഉദയ്ഗിരി, INS ഹിംഗിരി യുദ്ധ കപ്പലുകൾ ആ മാസം 26 ന് വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്യും. INS ഉദയ്ഗിരി മുംബൈയിലെ കപ്പൽ നിർമാണശാലയിലും INS ഹിംഗിരി കൊൽക്കത്തയിലുമാണ് നിർമിച്ചിരിക്കുന്നത്. .

&&&&&&&&&&&&&&&&&&&

## WORLD YOUTH DAY

ഇന്ന് അന്താരാഷ്ട്ര യുവജനദിനം. യുവജനങ്ങൾ അഭിമുഖീകരിക്കുന്ന സാംസ്കാരിക, രാഷ്ട്രീയ പ്രശ്നങ്ങളിലേക്കു വെളിച്ചം വീശുന്നതിനാണ് ഐക്യരാഷ്ട്രസഭ ഓഗസ്റ്റ് 12 യുവജനദിനമായി ആചരിക്കുന്നത്. 2000 മുതലാണ് ദിനാചരണം ആരംഭിച്ചത്. സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കായി പ്രാദേശിക യുവജന പ്രവർത്തനങ്ങൾ എന്നതാണ് ഈ വർഷത്തെ പ്രമേയം.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&& &&&&&&&&&&&& &&&&&&&&